**വിവരാവകാശം / മറുപടി**

നം. ഇ4/15729/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 27.04.2017
email Id: swdkerala@gmail.com
Ph: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
തിരുവനന്തപുരം

ശ്രീ. കണി കെ.വി
തേക്കിൻ വീട്, നടുവിലകം
വെസ്റ്റ് കല്ലട പി. ഒ,
കൊല്ലം - 691 500

വിഷയം-: സാമൂഹ്യനീതിവകുപ്പ് - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 03.04.2017ലെ അപേക്ഷ.

വിവരാവകാശ നിയമം 2005 പ്രകാരം സൂചന അപേക്ഷയിലൂടെ താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ക്രമമായി ചുവടെ ചേർക്കുന്നു.

1. ഈ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിലെ വിവിധ ഓഫീസുകളിലേയും ഹെഡ് ക്വാർട്ടേഴ്സുകളിലെയും എൽ.ഡി.സി എൻട്രി കേഡറായിട്ടുള്ള മിനിസ്റ്റീരിയൽ തസ്തികകളായ HA, JS-ന്റെ അനുവദനീയമായ എണ്ണം ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളുടെ അനുവദനീയമായ എണ്ണവും നിലവിൽ ഉള്ള സ്ട്രെങ്ത് എന്നിവ ചുവടെ ചേർക്കുന്നു.

| **തസ്തിക** | **അനുവദനീയമായ എണ്ണം** | **നിലവിലെ എണ്ണം** |
|---|---|---|
| ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് | 5 | 5 |
| ജൂനിയർ സൂപ്രണ്ട് | 5 | 5 |
| ക്ലാർക്ക് | 20 | 16 |
| ക്ലാർക്ക് - ടൈപ്പിസ്റ്റ് | 5 | 4 |
| സീനിയർ ക്ലാർക്ക് | 25 | 25 |

മേൽപ്പറഞ്ഞ തസ്തികകൾ എല്ലാം സ്ഥിരം തസ്തികകളാണ്

2. ഈ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ 01.07.15 മുതൽ 22.03.17 വരെ വിവിധ രീതികളിൽ 11 ക്ലാർക്ക് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. ഒഴിവുകൾ നിലവിൽ വന്ന കാര്യാലയങ്ങൾ ചുവടെ ചേർക്കുന്നു.

1. എറണാകുളം ICDS സെൽ (1ഒഴിവ്)
2. മൂവാറ്റുപുഴ ICDS (1ഒഴിവ്)
3. വടവുകോട് ICDS (1ഒഴിവ്)
4. കൊച്ചി അർബൻ II ICDS (2 ഒഴിവ്)
5. വാഴക്കുളം ICDS (1ഒഴിവ്)
6. ഇടപ്പള്ളി ICDS (1ഒഴിവ്)
7. കൂവപ്പടി ICDS (1ഒഴിവ്)
8. പാമ്പാക്കുട ICDS (1ഒഴിവ്)
9. പാറക്കടവ് ICDS സെൽ (2 ഒഴിവ്)
10. കൊച്ചി അർബൻ III ICDS (1 ഒഴിവ്)
11. ICDS ആലങ്ങാട് (1 ഒഴിവ്)

(എ) ക്രമനം 1 മുതൽ 7 വരെയുള്ള ഒഴിവുകൾ പി.എസ്.സി റാങ്ക് ലിസ്റ്റ് മുഖേന നികത്തിയിട്ടുണ്ട്. 3 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ക്രമ നം. 8, 9)

(ബി) ഇല്ല

(സി) ഇല്ല

(ഡി) ക്രമനം 10 മുതൽ 11 വരെയുള്ള ഒഴിവുകൾ Inter district transfer (ആശ്രിത നിയമനം) മുഖേന നികത്തിയിട്ടുണ്ട്.

3. സാമൂഹ്യനീതി വകുപ്പിൽ SC/ST വിഭാഗങ്ങൾക്ക് ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ പ്രാതിനിധ്യ കുറവ് വന്നിട്ടില്ലാത്തതിനാൽ സംവരണ സാധ്യത ഇല്ല എന്ന് സ.ഉ (കൈ) നം. 47/2017/പൊഭവ തീയതി: 25.02.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഈ വകുപ്പിന് കീഴിൽ SC/ST സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെ നിലവിൽ നീക്കി വച്ചിട്ടില്ല.

4. ഈ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ 2017 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ 56 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് വിരമിക്കുന്ന ഒരു ജീവനക്കാരനാണ് ഉള്ളത്. ടിയാളുടെ പേര്, തസ്തിക, വിരമിക്കൽ തീയതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ജോയി. സി. ആർ (സീനിയർ ക്ലാർക്ക്), ICDS പള്ളുരുത്തി - 31.11.2017

5. സാമൂഹ്യനീതി വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ നിലവിൽ എൽ.ഡി. ക്ലാർക്കിന്റെ 4 ഒഴിവുകൾ ഉണ്ട്. ഇതിൽ 3 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒരു ഒഴിവ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് ക്ലാർക്ക് തസ്തികകളിലേയ്ക്കുള്ള 10% പ്രൊമോഷനായി മാറ്റി വച്ചിരിക്കുകയാണ്. വിഷയം ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലാണ്. ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഫയൽ നമ്പർ ഇ4-12286/17 ആണ്.

6. ചോദ്യത്തിൽ പരാമർശിക്കുന്ന ഉത്തരവുകൾ പ്രകാരം പി.എസ്.സിയ്ക്ക് വേക്കൻസികൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

7. സാമൂഹ്യനീതി വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ പ്രൊമോഷൻ വഴി / റിട്ടയർമെന്റ് വഴി / ജോലിയിൽ നിന്ന് മറ്റ് രീതിയിൽ വിടുതൽ ചെയ്തത് വഴിയുള്ള ഒഴിവുകൾ ഒന്നും തന്നെ കണക്കാക്കപ്പെട്ടിട്ടില്ല.

മേൽ പറഞ്ഞ വിവരങ്ങൾ തൃപ്തികരമല്ലാത്ത പക്ഷം 30 ദിവസത്തിനകം ചുവടെ കാണുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

പ്രീത എസ്. നായർ
**അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ 5-ാം നില,**
**തിരുവനന്തപുരം- 695033 (ഫോൺ- 0471-2306040)**

വിശ്വസ്തതയോടെ

**എസ്. എൽ. ശ്യാംശങ്കർ**
**സീനിയർ സൂപ്രണ്ട് &**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**